# കേരളത്തിന്റെ സ്വന്തം കരിമീൻ

LDC Pre Lessons

## Previous Questions

Alwin Jo

1. ഇന്ത്യയിലുള്ള ദേശസാത്കൃത ബാങ്കുകളുടെ എണ്ണമെത്ര:
(എ) 15 (ബി) 17
(സി) 19 (ഡി) 20
*(എൽ.ഡി. ക്ലർക്ക്-2016)*

2. 'ഇന്ത്യ എന്റെ രാജ്യമാണ്' എന്നു തുടങ്ങുന്ന ദേശീയ പ്രതിജ്ഞ എഴുതിയതാര്?
(എ) സുബ്രമണ്യഭാരതി
(ബി) പി. വെങ്കിടചെല്ലയ്യ
(സി) പൈദിമാരി വെങ്കിട്ട സുബ്ബറാവു
(ഡി) കെ.പി. റാവു
*(എൽ.ഡി. കമ്പൈലർ-2016)*

3. ഇന്ത്യയിൽ വിദ്യാഭ്യാസ അവകാശനിയമം നിലവിൽവന്നത്?
(എ) 2009 (ബി) 2011
(സി) 2012 (ഡി) 2010
*(എൽ.ഡി. ക്ലർക്ക്-2015)*

4. നിസ്സഹകരണപ്രസ്ഥാനത്തിന് ഔദ്യോഗികമായി അംഗീകാരം നൽകിയ കോൺഗ്രസ് സമ്മേളനം ഏത്?
(എ) നാഗ്പൂർ സമ്മേളനം
(ബി) സൂറത്ത് സമ്മേളനം
(സി) ലാഹോർ സമ്മേളനം
(ഡി) ലഖ്നൗ സമ്മേളനം
*(എൽ.ഡി. സി-വിമുക്തഭടൻമാർ-2015)*

5. 'ധർമരാജ' എന്ന പേരിൽ അറിയപ്പെട്ടിരുന്ന തിരുവിതാംകൂർ ഭരണാധികാരി?
(എ) സ്വാതി തിരുന്നാൾ
(ബി) കാർത്തികതിരുന്നാൾ രാമവർമ
(സി) ബാലരാമവർമ
(ഡി) രാജാ കേശവദാസൻ
*(എൽ.ഡി.സി-സ്പെ. റി.-2015)*

6. വാട്ട്സ്ആപ്പ് മെസേജിങ് സർവീസിന്റെ ഉപജ്ഞാതാവാര്?
(എ) സിമൂർ ക്രേ
(ബി) ജാൻ കൂം
(സി) മാർക്ക് സുക്കർബർഗ്
(ഡി) ജാൻ മാർട്ടിൻ
*(എൽ.ഡി. സി-വാട്ടർ അതോറിറ്റി-2014)*

7. സോപ്പുകുമിളയിൽ കാണപ്പെടുന്ന വർണശബളമായ ദൃശ്യത്തിനു കാരണമായ പ്രതിഭാസം?
(എ) ഡിഫ്രാക്ഷൻ
(ബി) ഫോട്ടോ ഇലക്ട്രിക്ക് ഇഫക്ട്
(സി) വിസരണം
(ഡി) ഇൻറർഫെറൻസ്
*(എൽ.ഡി. ക്ലർക്ക്, തൃശ്ശൂർ -2011)*

8. 'ഞാനാണ് രാഷ്ട്രം' എന്നു പ്രഖ്യാപിച്ചയാൾ?
(എ) മുസോളിനി
(ബി) നെപ്പോളിയൻ
(സി) ലൂയി പതിനാലാമൻ
(ഡി) ഹിറ്റ്ലർ
*(എൽ.ഡി. ക്ലർക്ക്, കൊല്ലം-2011)*

9. ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ച സമയത്ത് കോൺഗ്രസിന്റെ അധ്യക്ഷൻ?
(എ) മദൻമോഹൻ മാളവ്യ
(ബി) ജെ.ബി. കൃപലാനി
(സി) പട്ടാഭി സീതാരാമയ്യ
(ഡി) മൗലാന അബുൾകലാം ആസാദ്
*(എൽ.ഡി. ക്ലർക്ക്, തസ്തികമാറ്റം -2011)*

10. ടെസ്റ്റിലും ഏകദിനത്തിലുമായി സച്ചിൻ തെണ്ടുൽക്കർ 99-ാം സെഞ്ച്വറി നേടിയത്?
(എ) ഇംഗ്ലണ്ടിനെതിരെ
(ബി) ശ്രീലങ്കയ്ക്കെതിരെ
(സി) ദക്ഷിണാഫ്രിക്കയ്ക്കെതിരെ
(ഡി) ന്യൂസിലൻഡിനെതിരെ
*(എൽ.ഡി. ക്ലർക്ക്, തസ്തികമാറ്റം-2011)*

11. ഋഷികേശ് ഏതു സംസ്ഥാനത്തിലാണ്?
(എ) ഉത്തർപ്രദേശ്
(ബി) ഉത്തരാഖണ്ഡ്
(സി) ഹിമാചൽപ്രദേശ്
(ഡി) ജമ്മുകശ്മീർ
*(എൽ.ഡി. ക്ലർക്ക്, മലപ്പുറം-2011)*

12. കാഴ്ചയെക്കുറിച്ചുള്ള ബോധം ഉളവാക്കുന്ന തലച്ചോറിന്റെ ഭാഗമേത്?
(എ) സെറിബെല്ലം
(ബി) സെറിബ്രം
(സി) മെഡുല ഒബ്ലോംഗേറ്റ
(ഡി) കോർണിയ
*(എൽ.ഡി. സി, തിരുവനന്തപുരം- 2011)*

13. കേരളത്തിന്റെ ഔദ്യോഗിക മത്സ്യം?
(എ) കരിമീൻ (ബി) മത്തി
(സി) ചെമ്മീൻ (ഡി) അയല
*(എൽ.ഡി. ക്ലർക്ക്, കോഴിക്കോട് - 2011)*

14. ഏതിന്റെയെല്ലാം സംയുക്തമാണ് അമോണിയ?
(എ) കാർബൺ, ഹൈഡ്രജൻ
(ബി) കാർബൺ, നൈട്രജൻ
(സി) നൈട്രജൻ, ഹൈഡ്രജൻ
(ഡി) നൈട്രജൻ, ഓക്സിജൻ
*(എൽ.ഡി. സി, തിരുവനന്തപുരം - 2011)*

15. ഹമീദാബീഗം ഏതു മഹാരാജാവിന്റെ മാതാവാണ്?
(എ) ഷാജഹാൻ
(ബി) അക്ബർ
(സി) ജഹാംഗീർ
(ഡി) ഔറംഗസീബ്
*(എൽ.ഡി. ക്ലർക്ക്, തസ്തികമാറ്റം- 2011)*

## ഉത്തരങ്ങൾ

**1. (സി) 19**
- രണ്ടുതവണയാണ് ഇന്ത്യയിൽ ബാങ്കുകളുടെ ദേശസാത്കരണം നടന്നത്. ഇന്ദിരാഗാന്ധിയായിരുന്നു ഈ നടപടികൾക്കു മുൻകൈ എടുത്ത പ്രധാനമന്ത്രി.
- ബാങ്കിങ് സംവിധാനങ്ങൾ ഗ്രാമപ്രദേശങ്ങളിൽ എത്തിക്കുക, കർഷകർക്ക് എളുപ്പത്തിൽ സാമ്പത്തികസഹായം ലഭ്യമാക്കുക എന്നിവയായിരുന്നു ബാങ്ക് ദേശസാത്കരണത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ.
- 1969 ജൂലായ്19-നാണ് ഒന്നാംഘട്ട ബാങ്ക് ദേശസാത്കരണം നടന്നത്. 50 കോടി രൂപയിലധികം നിക്ഷേപമുള്ള 14 ബാങ്കുകളെ ദേശസാത്കരിച്ചു.
- രണ്ടാംഘട്ട ബാങ്ക് ദേശസാത്കരണം നടന്നത് 1980 ഏപ്രിൽ15-നാണ്. 200 കോടി രൂപയിലേറെ നിക്ഷേപമുലധനമുള്ള 6 ബാങ്കുകളാണ് ഇതിലൂടെ ദേശസാത്കരിക്കപ്പെട്ടത്.
- രണ്ടുഘട്ടങ്ങളിലായി 20 ബാങ്കുകളെ ദേശസാത്കരിച്ചു. പ്രതിസന്ധിയിൽ ആയതിനെത്തുടർന്ന് ദേശസാത്കൃത ബാങ്കായ ന്യൂ ഇന്ത്യാ ബാങ്കിനെ 1993-ൽ പഞ്ചാബ് നാഷണൽ ബാങ്ക് ഏറ്റെടുത്തു.

**2. (സി) പൈദിമാരി വെങ്കിട്ട സുബ്ബറാവു**
- 1962 ൽ തെലുഗു ഭാഷയിലാണ് ദേശീയപ്രതിജ്ഞ രചിക്കപ്പെട്ടത്. 1965 ജനവരി26 മുതലാണ് ദേശീയതലത്തിൽ ഈ പ്രതിജ്ഞ എല്ലാ സ്കൂളുകളിലും ചൊല്ലാൻ ആരംഭിച്ചത്.
- ഇന്ത്യൻ ദേശീയപതാകയുടെ ശില്പി പിങ്കാലി വെങ്കയ്യയാണ്. ഇന്ത്യൻ രൂപയുടെ ചിഹ്നം 2010-ൽ രൂപകൽപ്പന ചെയ്തത് ഡി. ഉദയകുമാറാണ്.
- ദേശീയഗാനമായ 'ജനഗണമന'യുടെ കർത്താവ് രബീന്ദ്രനാഥ ടാഗോർ. ബംഗാളി ഭാഷയിലാണ് ഇത് രചിക്കപ്പെട്ടിരിക്കുന്നത്. ആദ്യമായി ആലപിച്ചത് 1911 ഡിസംബറിൽ കൊൽക്കത്തയിൽ നടന്ന കോൺഗ്രസ് സമ്മേളനത്തിൽ.
- ബങ്കിംചന്ദ്ര ചാറ്റർജിയാണ് ദേശീയ ഗീതമായ 'വന്ദേമാതരം' രചിച്ചത്. 1882-ൽ രചിക്കപ്പെട്ട 'ആനന്ദമഠം' എന്ന കൃതിയിലാണ് ഇതുള്ളത്. സംസ്കൃതഭാഷയിലാണ് 'വന്ദേമാതരം' രചിക്കപ്പെട്ടിരിക്കുന്നത്.
- 'വന്ദേമാതരം' ആദ്യമായി ഒരു രാഷ്ട്രീയ പൊതുവേദിയിൽ ആലപിച്ചത് 1896-ലെ കോൺഗ്രസിന്റെ കൊൽക്കത്ത സമ്മേളനത്തിൽ രബീന്ദ്രനാഥ ടാഗോറാണ്.

**3. (ഡി) 2010**
- 2010 ഏപ്രിൽ 1-നാണ് വിദ്യാഭ്യാസ അവകാശനിയമം പ്രാബല്യത്തിൽ വന്നത്. 2009 ആഗസ്റ്റിലാണ് പാർലമെന്റ് ഈ നിയമം പാസാക്കിയത്.
- ആറിനും പതിന്നാലിനും മധ്യേ പ്രായമുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകാനാണ് ഈ നിയമം ലക്ഷ്യമിടുന്നത്.
- ഭരണഘടനയുടെ സംസ്ഥാന ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന വിദ്യാഭ്യാസത്തെ കൺകറൻറ് ലിസ്റ്റിലേക്കു മാറ്റിയത് 1976-ലാണ്. കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും ഒരുപോലെ നിയമനിർമാണാധികാരങ്ങൾ ഉള്ള വിഷയങ്ങളാണ് കൺകറൻറ് ലിസ്റ്റിലേത്.
- 2002-ലെ 86-ാം ഭരണഘടനാ ഭേദഗതിയിലൂടെ വിദ്യാഭ്യാസത്തെ മൗലികാവകാശമാക്കുകയും ഭരണഘടനയിൽ 21 (എ) എന്ന അനുച്ഛേദം കൂട്ടിച്ചേർക്കുകയും ചെയ്തു. കൂടാതെ മൗലികകർത്തവ്യങ്ങളിലെ പതിനൊന്നാമത്തെ ഇനമായി 6-നും 14-നും മധ്യേ പ്രായമുള്ള കുട്ടികൾക്ക് വിദ്യാഭ്യാസസൗകര്യങ്ങൾ നൽകേണ്ടത് രക്ഷിതാക്കളുടെ കടമയായി ഉൾപ്പെടുത്തി.

**4. (എ) നാഗ്പൂർ സമ്മേളനം**
- ഖിലാഫത്ത് പ്രസ്ഥാനത്തെ പിൻതാങ്ങുന്നതിനായി 1920 ആഗസ്റ്റിലാണ് ഗാന്ധിജി അക്രമരഹിത നിസ്സഹകരണ സമ്മേളനത്തിന് രൂപംനൽകിയത്. 1922 ഫിബ്രവരി 5-നുണ്ടായ ചൗരി ചൗരാ സംഭവത്തെ തുടർന്ന് ഗാന്ധിജി നിസ്സഹകരണസമരം പിൻവലിച്ചു.
- കോൺഗ്രസിലെ ആദ്യത്തെ പിളർപ്പുണ്ടായത് 1907-ലെ സൂറത്ത് സമ്മേളനത്തിലാണ്. 1916-ലെ ലഖ്നൗ സമ്മേളനത്തിലാണ് ഈ പിളർപ്പിനു പരിഹാരമായത്.
- പൂർണസ്വരാജ് ലക്ഷ്യമായി പ്രഖ്യാപിച്ച കോൺഗ്രസ് സമ്മേളനം നടന്നത് 1929-ലെ ലാഹോറിലാണ്. ജവാഹർലാൽ നെഹ്റുവായിരുന്നു ഈ സമ്മേളനത്തിലെ അധ്യക്ഷൻ.
- 1929-ലെ ലാഹോർ കോൺഗ്രസ് സമ്മേളനത്തിലാണ് സിവിൽ നിയമലംഘനപ്രസ്ഥാനം ആരംഭിക്കാൻ തീരുമാനിച്ചത്.
- 1942 ആഗസ്റ്റിൽ മുംബൈയിൽ നടന്ന കോൺഗ്രസ് സമ്മേളനമാണ് ക്വിറ്റ് ഇന്ത്യാപ്രമേയം പാസാക്കിയത്.

**5. (ബി) കാർത്തിക തിരുന്നാൾ രാമവർമ**
- ആധുനിക തിരുവിതാംകൂറിലെ രണ്ടാമത്തെ ഭരണാധികാരിയായിരുന്നു കാർത്തിക തിരുന്നാൾ രാമവർമ (1758-1798).
- മാർത്താണ്ഡവർമയെ തുടർന്ന് അധികാരത്തിലേറിയ കാർത്തികതിരുന്നാൾ രാമവർമയുടെ പ്രധാനമന്ത്രിമാർ രാജാ കേശവദാസൻ, അയ്യപ്പൻ മാർത്താണ്ഡപിള്ള എന്നിവരായിരുന്നു.
- ഹൈദർ അലി, ടിപ്പു സുൽത്താൻ എന്നിവരുടെ ആക്രമണകാലത്തെ തിരുവിതാംകൂർ രാജാവ് ധർമരാജാവ് ആയിരുന്നു. മൈസൂർപ്പടയെ തടയാനായി മധ്യകേരളത്തിൽ അദ്ദേഹം പണികഴിപ്പിച്ചതാണ് നെടുംകോട്ട.
- നാട്യശാസ്ത്രത്തെ ആധാരമാക്കി 'ബാലരാമഭരതം' എന്ന കൃതി രചിച്ച തിരുവിതാംകൂർ രാജാവ് ധർമരാജാവാണ്. 'കിഴവൻ രാജാവ്' എന്നും അദ്ദേഹം അറിയപ്പെട്ടു.
- തിരുവിതാംകൂറിന്റെ രാജധാനി പത്മനാഭപുരത്തുനിന്നും തിരുവനന്തപുരത്തേക്കു മാറ്റിയത് ധർമരാജാവിന്റെ ഭരണകാലത്താണ്. ഏറ്റവും കൂടുതൽ കാലം നാടുവാണ തിരുവിതാംകൂർ രാജാവും അദ്ദേഹമാണ്.

**6. (ബി) ജാൻ കൂം**
- ജാൻ കൂം, ബ്രിയാൻ ആക്ടൺ എന്നിവർ ചേർന്ന് 2009 ഫിബ്രവരിയിലാണ് വാട്ട്സ്ആപ്പ് സ്ഥാപിച്ചത്. നിലവിൽ ലോകത്തിലെ ഏറ്റവും ജനപ്രിയമായ മെസ്സേജിങ് ആപ്ലിക്കേഷനാണിത്.
- 2014 ഫിബ്രവരിയിൽ വാട്ട്സ്ആപ്പിനെ ഫേസ്ബുക്ക് കമ്പനി ഏറ്റെടുത്തു. 2004-ൽ ഫേസ്ബുക്ക് സ്ഥാപിച്ചത് മാർക്ക് സുക്കർബെർഗാണ്.
- 1998 സപ്തംബറിൽ ലാറി പേജ്, സെർജി ബ്രിൻ എന്നിവർ ചേർന്നാണ് ഗൂഗിൾ സ്ഥാപിച്ചത്.

**7. (ഡി) ഇൻറർഫെറൻസ്**
- ഒന്നിൽക്കൂടുതൽ പ്രകാശതരംഗങ്ങൾ ഒരേ സ്ഥലത്തെത്തുമ്പോൾ അവയുടെ ഫലങ്ങൾ കൂടിച്ചേർന്നാണ് ഇൻറർഫെറൻസുണ്ടാവുന്നത്.
- വെള്ളത്തിലുള്ള എണ്ണപ്പാളിയിൽ കാണുന്ന മനോഹരവർണങ്ങൾക്കു കാരണവും ഇൻറർഫെറൻസാണ്.
- സാന്ദ്രതാവ്യത്യാസമുള്ള രണ്ടു മാധ്യമങ്ങൾക്കിടയിലൂടെ പ്രകാശരശ്മി സഞ്ചരിക്കുമ്പോൾ സഞ്ചാരപാതയ്ക്കുണ്ടാവുന്ന വ്യതിയാനമാണ് അപവർത്തനം. മരീചിക എന്ന പ്രതിഭാസം അപവർത്തനത്തിന്റെ ഫലമാണ്.
- സൂക്ഷ്മങ്ങളായ അതാര്യവസ്തുക്കളെ ചുറ്റി പ്രകാശം വളയുകയോ, വ്യാപിക്കുകയോ ചെയ്യുന്നതാണ് ഡിഫ്രാക്ഷൻ. സി.ഡി.കളിൽ കാണുന്ന മഴവില്ലിനു സമാനമായ വർണരാജി, സൂര്യനു ചുറ്റുമുള്ള വലയം എന്നിവ ഡിഫ്രാക്ഷന്റെ ഫലങ്ങളാണ്.

**8. (സി) ലൂയി പതിന്നാലാമൻ**
- 1643 മുതൽ 1715 വരെയാണ് അദ്ദേഹം ഫ്രാൻസിന്റെ ചക്രവർത്തിയായിരുന്നത്.
- 1789-ൽ ഫ്രഞ്ചുവിപ്ലവം ആരംഭിക്കുമ്പോൾ ഫ്രാൻസിലെ ചക്രവർത്തി ലൂയി പതിനാറാമൻ ആയിരുന്നു. അദ്ദേഹത്തിന്റെ കുപ്രസിദ്ധയായ ഭാര്യയായിരുന്നു മരിയ അൻേറാനിറ്റേ.

**9. (ബി) ജെ.ബി. കൃപലാനി**
- ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിക്കുമ്പോൾ ബ്രിട്ടീഷ് ചക്രവർത്തി ജോർജ് ആറാമനും പ്രധാനമന്ത്രി ക്ലെമൻറ് ആറ്റ്ലിയുമായിരുന്നു.
- സ്വാതന്ത്ര്യം ലഭിക്കുമ്പോൾ ഇന്ത്യയിലെ ബ്രിട്ടീഷ് വൈസ്രോയി മൗണ്ട് ബാറ്റനായിരുന്നു. തിരുവിതാംകൂറിലെ രാജാവ് ശ്രീ ചിത്തിരതിരുന്നാൾ.
- ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിക്കുമ്പോൾ അമേരിക്കൻ പ്രസിഡൻറ് ഹാരി എസ്. ട്രൂമാൻ ആയിരുന്നു.

**10. (സി) ദക്ഷിണാഫ്രിക്കയ്ക്കെതിരെ**
- ടെസ്റ്റു ക്രിക്കറ്റിൽ സച്ചിന്റെ ആദ്യത്തെ സെഞ്ച്വറി ഇംഗ്ലണ്ടിനെതിരെ 1990 ആഗസ്റ്റിലായിരുന്നു. ഏകദിന ക്രിക്കറ്റിൽ ആദ്യത്തെ സെഞ്ച്വറി 1994-ൽ ഓസ്ട്രേലിയയ്ക്കെതിരെയായിരുന്നു.
- തന്റെ 79-ാം ഏകദിനമത്സരത്തിലാണ് സച്ചിൻ ആദ്യത്തെ സെഞ്ച്വറി നേടിയത്. സച്ചിൻ ഏറ്റവും കൂടുതൽ ടെസ്റ്റ് സെഞ്ച്വറികൾ നേടിയിട്ടുള്ളത് ഓസ്ട്രേലിയയ്ക്കെതിരെയാണ്.
- ഏകദിന ക്രിക്കറ്റിൽ സച്ചിന്റെ ഉയർന്ന സ്കോർ ദക്ഷിണാഫ്രിക്കയ്ക്കെതിരെ നേടിയ 200 റൺസ്. ഏകദിന ക്രിക്കറ്റിൽ ആദ്യമായി ഇരട്ടസെഞ്ച്വറി നേടിയ താരം സച്ചിൻ തെണ്ടുൽക്കറാണ്.
- ക്രിക്കറ്റിലെ ഏകദിന, ടെസ്റ്റ് മത്സരങ്ങളിൽ ഏറ്റവും കൂടുതൽ റൺസ് നേടിയ കളിക്കാരനാണ് സച്ചിൻ. ഏറ്റവും കൂടുതൽ ടെസ്റ്റ്, ഏകദിന സെഞ്ച്വറികൾ നേടിയതും സച്ചിനാണ്.
- ഏകദിനക്രിക്കറ്റിൽ 17,000 റൺസ് തികച്ച ഏക കളിക്കാരൻ അദ്ദേഹമാണ്. ടെസ്റ്റ് ക്രിക്കറ്റിൽ 14,000 റൺസ് നേടിയ ആദ്യകളിക്കാരനും അദ്ദേഹം തന്നെ.
- ടെസ്റ്റ് ക്രിക്കറ്റിൽ സച്ചിൻ തെണ്ടുൽക്കറുടെ അരങ്ങേറ്റ മത്സരം 1989 നവംബറിൽ പാകിസ്താനെതിരെ കറാച്ചിയിൽ ആയിരുന്നു. അദ്ദേഹത്തിന്റെ ഒടുവിലത്തെ ടെസ്റ്റ് മത്സരം 2013 നവംബറിൽ വെസ്റ്റിൻഡീസിനെതിരെ ആയിരുന്നു.
- സച്ചിൻ തെണ്ടുൽക്കറുടെ ഒടുവിലത്തെ അന്താരാഷ്ട്ര ഏകദിനമത്സരം 2012 മാർച്ചിൽ പാകിസ്താനെതിരെ ആയിരുന്നു. സച്ചിൻ കളിച്ച ഏക അന്താരാഷ്ട്ര ട്വൻറി-20 മത്സരം 2006 ഡിസംബറിൽ ദക്ഷിണാഫ്രിക്കയ്ക്കെതിരെ ആയിരുന്നു.
- സച്ചിൻ തെണ്ടുൽക്കറുടെ നൂറാമത്തെ സെഞ്ച്വറി 2012 മാർച്ച് 16-ന് ബംഗ്ലാദേശിനെതിരെ മിർപ്പൂരിൽ ആയിരുന്നു.

**11. (ബി) ഉത്തരാഖണ്ഡ്**
- ഇന്ത്യയുടെ ഇരുപത്തിയേഴാമത്തെ സംസ്ഥാനമായി 2000 നവംബർ 9-നാണ് ഉത്തരാഖണ്ഡ് നിലവിൽ വന്നത്. ഉത്തരാഞ്ചൽ എന്ന് തുടക്കത്തിൽ അറിയപ്പെട്ടു. ഡെറാഡൂണാണ് തലസ്ഥാനം. നൈനിറ്റാളിലാണ് ഹൈക്കോടതി സ്ഥിതിചെയ്യുന്നത്.
- 'ദേവഭൂമി' എന്നറിയപ്പെടുന്ന സംസ്ഥാനമാണ് ഉത്തരാഖണ്ഡ്. ജിം കോർബറ്റ് ദേശീയോദ്യാനം, വാലി ഓഫ് ഫ്ലവേഴ്സ് ദേശീയോദ്യാനം എന്നിവ ഇവിടെയാണ്.
- 'യോഗയുടെ ലോകതലസ്ഥാനം' എന്നാണ് ഉത്തരാഖണ്ഡിലെ ഋഷികേശ് അറിയപ്പെടുന്നത്. ഹരിദ്വാർ, ദേവപ്രയാഗ്, രുദ്രപ്രയാഗ്, അൽമോറ, മുസ്സൂറി, ഉത്തരകാശി, റൂർക്കി എന്നീ പട്ടണങ്ങളും ഉത്തരാഖണ്ഡിലാണ്.

**12. (ബി) സെറിബ്രം**
- മസ്തിഷ്കത്തിലെ ഏറ്റവും വലിയ ഭാഗമാണ് സെറിബ്രം. ഭാവന, ചിന്ത, ഓർമ, കാഴ്ച, ഗന്ധം, രുചി, സ്പർശം, ചൂട് എന്നിവ സെറിബ്രവുമായി ബന്ധപ്പെട്ടവയാണ്. ശരീരത്തിന്റെ ഐച്ഛികപ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതും ഇതാണ്.
- 'ലിറ്റിൽ ബ്രെയിൻ' എന്നറിയപ്പെടുന്നത് സെറിബെല്ലം. ശരീരത്തിന്റെ തുലനാവസ്ഥ നിലനിർത്തൽ, പേശീപ്രവർത്തനങ്ങളുടെ ഏകോപനം എന്നിവ സെറിബെല്ലം നിർവഹിക്കുന്നു.
- ശരീരത്തിലെ അനൈച്ഛിക പ്രവർത്തനങ്ങളായ ഹൃദയസ്പന്ദനം, ശ്വസനം, രക്തക്കുഴലുകളുടെ സങ്കോചം, ഛർദി, തുമ്മൽ, ചുമ എന്നിവയെ നിയന്ത്രിക്കുന്ന മസ്തിഷ്കഭാഗമാണ് മെഡുല ഒബ്ലോംഗേറ്റ.
- വേദനസംഹാരികൾ പ്രവർത്തിക്കുന്നത് തലാമസിലാണ്.
- ശരീരോഷ്മാവ്, ജലത്തിന്റെ അളവ് എന്നിവയെ നിയന്ത്രിക്കുക, വിശപ്പ്, ദാഹം, ലൈംഗികാസക്തി എന്നിവയുണ്ടാക്കുക എന്നിവയാണ് ഹൈപ്പോതലാമസിന്റെ ധർമങ്ങൾ.

**13. (എ) കരിമീൻ**
- 2010 ജൂലായിലാണ് കേരള സർക്കാർ കരിമീനിനെ സംസ്ഥാനത്തിന്റെ ഔദ്യോഗിക മത്സ്യമായി പ്രഖ്യാപിച്ചത്. കൂടാതെ 2010-2011നെ 'കരിമീൻ വർഷമായി' ആചരിക്കാനും തീരുമാനിച്ചു.
- കരിമീനിന്റെ ശാസ്ത്രീയനാമം എട്രോപ്ലസ് സുരടെൻസിസ് എന്നതാണ്. ഗ്രീൻ ക്രോമൈഡ്, പേൾ സ്പോട്ട് എന്നിങ്ങനെയും ഇംഗ്ലീഷിൽ അറിയപ്പെടുന്നു.
- തെക്കേ ഇന്ത്യ, ശ്രീലങ്ക എന്നിവിടങ്ങളാണ് കരിമീനിന്റെ സ്വാഭാവിക ആവാസകേന്ദ്രങ്ങൾ

**14. (സി) നൈട്രജൻ, ഹൈഡ്രജൻ**
- നിറമില്ലാത്ത വാതകമാണ് അമോണിയ. ഹൈഡ്രജൻ നൈട്രൈഡ് എന്നും ഇതറിയപ്പെടുന്നു. അസേൻ എന്ന പേരിലും അമോണിയ അറിയപ്പെടുന്നു.
- ഹേബർ ബോഷ് പ്രക്രിയയിലൂടെ നിർമിക്കുന്ന വാതകമാണ് അമോണിയ. വളം നിർമാണത്തിലാണ് അമോണിയ പ്രധാനമായും ഉപയോഗിക്കുന്നത്.
- സാൽ അമോണിയാക് എന്നറിയപ്പെടുന്നത് അമോണിയം ക്ലോറൈഡ്. ബേക്കേഴ്സ് അമോണിയ എന്നറിയപ്പെടുന്നത് അമോണിയം കാർബണേറ്റ്.
- അമോണിയ വാട്ടർ എന്നു വിളിക്കുന്നത് അമോണിയം ഹൈഡ്രോക്സൈഡിനെയാണ്. വെടിമരുന്നായി ഉപയോഗിക്കുന്ന അമോണിയം സംയുക്തമാണ് അമോണിയം നൈട്രേറ്റ്.
- അക്വാമാസ്റ്റർ എന്നറിയപ്പെടുന്ന അമോണിയം സംയുക്തമാണ് അമോണിയം സൾഫേറ്റ്.

**15. (ബി) അക്ബർ**
- ഹുമയൂണിന്റെയും ഹമീദാ ബാനു ബീഗത്തിന്റെയും മകനായിരുന്നു അക്ബർ. 1542-ൽ അമർക്കോട്ടിലായിരുന്നു ജനനം.
- അക്ബറിന്റെ പുത്രനായിരുന്ന ജഹാംഗീറിന്റെ മാതാവ് അംബറിലെ രാജകുമാരി ജോധാഭായി ആയിരുന്നു.
- ജഹാംഗീറിന്റെ മകനായിരുന്ന ഷാജഹാന്റെ മാതാവും ഒരു രജപുത്ര വനിതയായിരുന്നു-മൻമതി.
- ഷാജഹാന്റെയും മുംതാസ് മഹലിന്റെയും പുത്രനായിരുന്നു ഔറംഗസീബ്.
- ജഹാംഗീറിന്റെ ഭാര്യയായ നൂർജഹാന്റെ യഥാർഥനാമം മെഹ്റുന്നീസ എന്നായിരുന്നു.